**Desabhimani**
**24 July 2018**
**Flood**

# പ്രളയകാലത്തെ പച്ചക്കുതിര

സ്മിത ഗിരീഷ്

ഈ മഴക്കാലം കോട്ടയത്താണ്... ഇവിടെ ഇപ്പോഴും മഴ ഇരമ്പി പെയ്തു കൊണ്ടിരിക്കുന്നു. അതിവർഷത്തിന്റെ രാവുകളിലൊന്ന് പുഴകളുടേയും, മലകളുടേയും, വനാന്തരങ്ങളുടേയും, നഗരത്തിന്റേയും, വേരുകൾ കടപുഴക്കുന്നതു പോലൊരു കൊടുങ്കാറ്റിന്റേതായിരുന്നു. കാറ്റും, മഴയും, ഇടിമിന്നലും പ്രകമ്പനം കൊള്ളിച്ച വീട്ടിലേക്ക്, തുറന്നടയുന്ന ജാലകങ്ങളിലൂടെ, ഒരു പിടി ഇലകൾക്കും, ചുള്ളികൾക്കുമൊപ്പം, എപ്പോഴോ മഴ, കാറ്റിനൊപ്പം വന്ന്, എവിടുന്നോ ഒരു പച്ചക്കുതിരയേയും 'കുടഞ്ഞിട്ട്, ചീറിപ്പാഞ്ഞു പോയിരുന്നു. പിറ്റേന്ന് നോക്കിയപ്പോൾ, വീട്ടിലെ തണുത്ത തറയിൽ, മണ്ണിൽ നിന്നും ഇറുത്തു മാറ്റിയൊരു പച്ചിലത്തഴപ്പുപോലെ അത് എങ്ങോട്ടും ചാടി നടക്കാതെ, വിറങ്ങലിച്ചിരിക്കുന്നു..! പച്ചക്കുതിര വീട്ടിൽ വരുന്നത് ഐശ്വര്യവും, ഭാഗ്യവും കൊണ്ടാണെന്ന നാട്ടുചൊല്ലുണ്ട്. അതവിടെ താമസിക്കട്ടെ.. പാലും, പഴവും കൊടുത്ത് പുനരധിവസിപ്പിക്കാമെന്നു വരെ ആകാശക്കോട്ട കെട്ടി... പക്ഷേ പുതിയ ആവാസവ്യവസ്ഥയുടെ അപരിചിതത്വത്തിൽ ശ്വാസം മുട്ടിയിരിക്കുന്ന അതിന്റെ ആത്മവിലാപത്തെ മനസ് തൊട്ടെടുത്തു. അതിനെ പുറത്തേക്ക്, വായുവിലേക്കും, വെളിച്ചത്തിലേക്കും വിടാനായി ഒൻപതാം നിലയിലുള്ള ഫ്ലാറ്റിന്റെ ബാൽക്കണിവാതിൽ തുറന്നു. പച്ചക്കുതിര പറക്കുമോ എന്നറിയില്ല.. പക്ഷേ എങ്ങനെയോ, എന്റെ കൈവെള്ളയിൽ നിന്നും അറിയാതെ, തട്ടിയിട്ട പോലെ ആ സാധു ജീവി, പെട്ടെന്ന് തെന്നിമറിഞ്ഞ് താഴോട്ട് വീണുപോയി..! ലോകം കീഴ്മേൽ മറിക്കുന്നതു പോലുള്ള ആ മഴയിൽ, ഉയരങ്ങളുടെ അപായ വേഗങ്ങളെ അത് അതിജീവിക്കുമോ, എന്ന് വ്യാകുലപ്പെട്ട് കുറ്റബോധം കൊണ്ട് ഏറെ നേരം തകർന്നിരുന്നു പോയി....

ഈ മഴക്കാലം ഇതുവരെ അനുഭവിച്ച എല്ലാ മഴകളേയും പോലെയല്ല. അത്, ഒരുപാട് പൂക്കളെ പൊഴിച്ച് പാഞ്ഞൊഴുകുന്ന തൊടുപുഴയാറ് പോലെയോ, കുന്നംകുളത്തെ മഴ നനഞ്ഞ ലാങ്കിപ്പൂവിതളുകളുടെ സുഗന്ധം പോലെയോ കൊതിപ്പിക്കുന്നില്ല. അത് തോടുകളിലെ ചെറുമീനുകളായോ, പാടത്ത് രാവ് പൂത്ത പോലെ ആർക്കുന്ന മിന്നാമിന്നിക്കൂട്ടം പോലെയോ, ചാഞ്ഞും, ചെരിഞ്ഞും പെയ്ത്, തണുപ്പും തുള്ളികളുമായി ആത്മാവിലേക്ക് ഉന്മാദം പകർന്ന് ഭ്രമിപ്പിക്കുന്ന കാൽപ്പനികമായ പതിവ് വർഷോത്സവമേയല്ല...!

ചുറ്റും മഴയിൽ തല ചായ്ക്കാനിടമില്ലാതെ, തടം തല്ലി ഒഴുകുന്ന മലവെള്ളപ്പാച്ചിലിൽ കഴുത്തറ്റം മുങ്ങിനിൽക്കുന്നവരുടെ നേർക്കാഴ്ചകളാണ്.!

മഴ നനച്ചുമുക്കിക്കൊണ്ടിരിക്കുന്ന കോട്ടയത്തിന്റെ വെള്ളമിറങ്ങാത്ത ഒരു തുരുത്തിൽ നിന്നു നോക്കുമ്പോൾ, എല്ലാ വശത്തും ജലാശയങ്ങൾ മാത്രമുള്ളൊരു നഗരത്തിന്റെ വീടുകൾക്കും, പാടങ്ങൾക്കും, കിണറുകൾക്കും മീതേ, കായലും, പുഴകളും, തോടുകളും ചേർത്ത്, മഴ പാഞ്ഞൊഴുകുകയാണ്.!

ഒലിച്ചുപോയ റോഡുകളും, കൃഷി നശിച്ച കളങ്ങളും, മുങ്ങിപ്പോയ വീടുകളും, വീട്ടകങ്ങളിൽ, നീന്തി നടക്കുന്ന ജലജീവികളും, തട്ടിൻപുറത്തടിഞ്ഞ് ചീറുന്ന വിഷപാമ്പുകളും...! ഭക്ഷണമോ, കുടിവെള്ളമോ, വസ്ത്രമോ ഇല്ലാതെ, ഇരുട്ടിൽ തെന്നിയൊഴുകി, ജീവിതം ചോർന്നു പോകുന്നവരുടെ നിലയില്ലാക്കയങ്ങൾ കണ്ട് ... നിസ്സഹായത വേദനിപ്പിക്കുന്നുണ്ട്..

മരങ്ങൾ തോർന്നും, മണ്ണ് ഉണങ്ങിയും ഈ മഴക്കാലവും മാഞ്ഞു പോയേക്കും. പണ്ടൊക്കെ മലവെള്ളപ്പാച്ചിൽ ഊറിയ മണ്ണരിച്ചു നോക്കിയാൽ സ്വർണ്ണത്തരികൾ കിട്ടുമെന്ന കഥകൾ കേട്ടിട്ടുണ്ട്... പക്ഷേ, ഈ പ്രളയകാലത്തിന്റെ കെടുതിച്ചുഴികൾ വലിഞ്ഞാൽ, വ്യാധികളുടേയും, ആധികളുടേയും ചേറും, ചെളിക്കെട്ടുകളും മാത്രമാകും മിച്ചം..!

ഒൻപതാം നിലയിലെ ജാലകത്തിൽ നിന്നും അറിയാതെ എന്റെ കൈവഴുതി അഗാധതകളുടെ മഴപ്പാച്ചിലുകളിലേക്ക് വീണുപോയ നനുത്ത ചിറകുള്ള ആ പച്ചക്കുതിര, മനസിൽ മഴ തുരന്നിറങ്ങിയ ഒരു മുറിവായി വിങ്ങുന്നുണ്ട്.

'നീ ചെന്നിറുക്കാത്ത പൂവേത് ഭൂമിയിൽ
നീയേറ്റുവാങ്ങാത്ത നോവേത്
മണ്ണിതിൽ'

പ്രളയമൊടുങ്ങാത്ത ഭൂമികയുടെ അടിവാരങ്ങളിൽ അപാരതയെ നോക്കി, നനഞ്ഞു നിൽക്കുമ്പോൾ നെരൂദ

കവിതയുമായി വന്ന് കയങ്ങൾക്ക് മീതേ ഒപ്പം' നടക്കുന്നുമുണ്ട്....!

